# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC
(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P 9447083300 | Adv. SIBYKUTTY FRANCIS 9447303578 | NAZEER.M 9447241503 |


1. ഒരു ആണവകരാറിന്റെ പേരിൽ ഒരു ഗവൺമെന്റിനെ തന്നെ താഴെയിറക്കിയവർ ആണവ വൈദ്യുതി നിലയം സ്ഥാപിക്കാൻ സമ്മതിച്ചുവെങ്കിൽ അത് സ്വാഗതാർഹമാണ്. കൂടംകുളത്തെ നിലയം വന്നപ്പോൾ അതിനെ എതിർത്ത കേരളം അവിടെനിന്നും വൈദ്യുതി ഉത്പാദനം തുടങ്ങിയപ്പോൾ അർഹതപ്പെട്ട വിഹിതമായ (1000 mw x 13.48 %) 130 mw മാത്രം പോരാ കൂടുതൽ വേണമെന്ന് ആവശ്യപ്പെട്ട സംസ്ഥാനമാണ് കേരളം. തമിഴ്നാട് പരിസ്ഥിതി ബുദ്ധിമുട്ട് അനുഭവിച്ചത് മുഴുവൻ കേരളത്തിന് വേണമെന്ന് പറയുന്ന പരിസ്ഥിതി വാദികളോട് എന്ത് പറയാൻ.

2. വൈദ്യുതി ചാർജ് കൂടാൻ പാടില്ലല്ലോ. ഇപ്പോൾ ഈ വിലയ്ക്ക് കിട്ടുന്നതിന്റെ കാരണം ഉൽപ്പാദനത്തിൽ 30 % ജലവൈദ്യുത പദ്ധതി ആയതുകൊണ്ടാണ്.

3. ജലവൈദ്യുത പദ്ധതികൾ പരിസ്ഥിതി വാദികൾ അനുവദിക്കില്ലല്ലോ. കേരളത്തിന്റെ ഭൂപ്രകൃതിയുടെ 24% മാത്രമാണ് അതിൽ 2% മാത്രമാണ് ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഉപയോഗിച്ചിട്ടുള്ളത്. ആ പ്രദേശങ്ങളിലെ വനം മാത്രമാണ് സംരക്ഷിക്കപ്പെട്ടിട്ടുള്ളത്. ബാക്കി വാനപ്രദേശമാണ് കുറേയൊക്കെ കൈയ്യേറിയില്ല. ഇനിയും വെറും 2 % വനം കൂടി ഉപയോഗിച്ചാൽ നിലവിലുള്ള അത്രയും installed capacity കിട്ടും.

4. അതിരപ്പള്ളി പദ്ധതി ഉപേക്ഷിച്ചത് കേവലം 24 കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്ന വിഷയത്തിലാണ്. വിഴിഞ്ഞത്ത് എത്രയോ കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. യൂണിറ്റിന് കേവലം 30 പൈസയ്ക്ക് വൈദ്യുതി ലഭിക്കുന്നതാണ് നഷ്ടപെടുത്തികൊണ്ടിരിക്കുന്നത്. പദ്ധതിയെ അനുകൂലിച്ചും പ്രതികൂലിച്ചും ഭരണപക്ഷത്തും പ്രതിപക്ഷത്തും ആൾക്കാർ ഉണ്ട്.

5. ജലവൈദ്യുത പദ്ധതിയെ അടുത്തിടെ കേന്ദ്ര ഗവൺമെന്റ് പാരമ്പര്യേതര ഊർജ്ജമാക്കി മാറ്റിയതിനാൽ കൂടുതൽ പദ്ധതികൾക്ക് സഹായകരമാണ്.

6. വൈദ്യുതി ചാർജ് കൂടാതിരിക്കണമെങ്കിൽ ജലവൈദ്യുതി, ആണവ വൈദ്യുതി ഒക്കെ വേണം

7. കൂടംകുളത്തെ ആണവനിലയത്തിന് ചോർച്ച വന്നാൽ നമ്മുടെ കാര്യവും പ്രശ്നത്തിലാണ്. അപ്പോൾ സുരക്ഷയുടെപേരിൽ വേണ്ടായെന്ന് വച്ചിട്ട് മറ്റ് സംസ്ഥാനങ്ങളോട് യാചിച്ചിട്ടു കാര്യമുണ്ടോ.

8. തെർമൽ പദ്ധതികൾപ്രകൃതിക്കു ദോഷകരമാണ്. എന്നാൽ മറ്റു സംസ്ഥാനങ്ങളിലെ ജനങ്ങൾ മേൽ ദോഷം അനുഭവിച്ച്ചിട്ട് അതിന്റെ ഗുണമാണ് നമ്മൾ ഉപയോഗിക്കുന്നത്. കേരളത്തിന് പുറത്തുള്ള മറ്റ് സംസ്ഥാനങ്ങളിൽ കേരളത്തിലേതുപോലെ പരിസ്ഥിതി വാദികൾ ഉണ്ടായിരുന്നുവെങ്കിൽ ഇന്ത്യ ആകമാനം ഇരുട്ടിലായേനെ.

9. പ്ലാസ്റ്റിക് ഉൽപ്പനങ്ങൾ പ്രകൃതിക്കു ദോഷമാണ്. നിരോധിച്ചിട്ടുണ്ടോ?

10. കടലിലെ പ്ലാസ്റ്റിക് മാലിന്യം 5.25 ലക്ഷം കോടി, അതായതു 38500 ട്രക്ക് മാലിന്യം

11. ബഹുനില കെട്ടിടങ്ങൾ പ്രകൃതിക്കു ദോഷമല്ലേ.

12. മുല്ലപ്പെരിയാർ പുതുക്കി പണിയാൻപോലും അനുവാദം ലഭിക്കുന്നില്ല. അതിനെന്തെങ്കിലും സംഭവിച്ചാൽ പ്രകൃതി സ്നേഹികൾ എന്തുപറയും. നിലവിലുള്ളത് പൊളിച്ച് പണിതാൽ മതിയെന്നാണ് പ്രകൃതി സ്നേഹികൾ ഉൾപ്പടെ എല്ലാവരും പറയുന്നത്. പുതുക്കി പണിയുമ്പോഴും മറ്റൊരു ഡാം അല്ലെ വരുന്നത്. അത് പ്രകൃതിക്കു ദോഷമല്ലേ. വൈദ്യുതി പദ്ധതിക്കുവേണ്ടിയുള്ള ഡാമുകൾ മാത്രം പ്രകൃതിക്കു ദോഷമോ.

13. ദോഷങ്ങൾ എന്ന് പറയുന്ന പ്രകൃതി സ്നേഹികൾ ബഹുരാഷ്ട്ര കുത്തകകൾക്കുവേണ്ടി പ്രവർത്തിക്കുന്നു. സൈലന്റ് വാലി, പൂയകുട്ടി, ആതിരപ്പള്ളി ഉൾപ്പടെയുള്ള ജലവൈദ്യുത പദ്ധതികളും ആണവപദ്ധതിയും വന്നാൽ കേരളത്തിലെ വൈദ്യുതി പ്രശ്നം പകുതി കുറയ്ക്കാൻ സാധിക്കും.

14. ദിനം പ്രകൃതി വാഹനങ്ങൾ കൂടുന്നു. പ്രകൃതി നശിക്കുകയല്ലേ. പാറപൊട്ടിക്കാൻ പാടില്ല, പക്ഷെ വാഹനം ഇല്ലാതാക്കാൻ പറ്റുമോ. റോഡ് വീതികൂട്ടണം നടക്കുമോ. വയനാട്ടിൽ ദുരന്തമുണ്ടായ സ്ഥലത്ത് ഒരു പാറമടയെയെങ്കിലും ഉണ്ടായിരുന്നോ. പ്രകൃതിയെ സംരക്ഷിക്കണം. പക്ഷെ അത് കപട സ്നേഹം ആകരുത്.

15. ഗുജറാത്തിലെ മുണ്ട്റ സാമ്പത്തിക മേഖല അദാനിക്ക് കേന്ദ്ര ഗവണ്മെന്റ് അനുവാദം നൽകി. പ്രകൃതിക്കു ദോഷമുണ്ട്. ആര് ഒച്ചപ്പാടുണ്ടാക്കി. 8481 ഹെക്ടർ സ്ഥലത്താണ്.

16. ഇന്ത്യയിൽ 20 നിലയങ്ങളിൽ നിന്നും 4870 mw ആണവ വൈദ്യുതി ഉല്പാദന ശേഷിയുണ്ട്. അതിന്റെയും ഗുണഭോക്താക്കൾ ആണ് നമ്മൾ. അടുത്ത 30

നിലയങ്ങളിൽ നിന്നായി 6300 mw ഉല്പാദിപ്പിക്കാനാണ് ഉദ്ദേശം. അതിൽ പങ്കാളികളാകണമെങ്കിൽ ഇവിടെ പദ്ധതി വരേണ്ടേ.

17. 22825 million metric ton Carbon Dioxide ഓരോ വർഷവും വ്യവസായ വൽക്കരണത്തിലൂടെ പുറന്തള്ളുന്നു. അതിന്റെ പേരിൽ വ്യവസായം വേണ്ടായെന്നു വയ്ക്കുമോ? പരിസ്ഥിതി വാദികൾ എന്തേ എതിർക്കാത്തത്. നാട്ടിലെ പ്ലാസ്റ്റിക്കിന്റെ ഇപ്പോഴത്തെ അവസ്ഥ പറയേണ്ടല്ലോ

18. മണിയാർ കാർബറണ്ടം 12 MW ജലവൈദ്യുത പദ്ദതി **KSEB** ഏറ്റെടുക്കണം. 25 വർഷത്തേയ്ക്ക് മണിയാറിലെ ജലവൈദ്യുത പദ്ധതി സ്വകാര്യ വ്യക്തിക്ക് നൽകിയിരുന്നു. കാർബറണ്ടം പദ്ദതിയുടെ ഗവൺമെന്റുമൊത്തുള്ള കരാർ കാലാവധി അടുത്ത വർഷം അവസാനിക്കുകയാണ്. കാലാവധി കഴിഞ്ഞയുടൻ പദ്ധതി KSEB ഏറ്റെടുക്കണം. പ്രതിവർഷം 20 കോടി രൂപയുടെ വരുമാനമുള്ള പദ്ധതി സ്വകാര്യ കമ്പനിക്ക് നൽകുവാനുള്ള തീരുമാനം എടുക്കാൻ പാടില്ല. ജലവൈദ്യുത പദ്ധതി ഈ നാട്ടിലെ ജനങ്ങൾക്ക് അർഹതപ്പെട്ടതാണ്. അത് ഇനിയും സ്വകാര്യ കമ്പനിക്ക് എടുത്ത് ചെയ്യുവാൻ അനുവദിച്ചുകൂടാ. എന്നാൽ സ്വകാര്യ കമ്പനിക്ക് നൽകുന്നതിനുള്ള നീക്കങ്ങളുമായി സർക്കാർ ഗവൺമെന്റ് തലത്തിൽ മുമ്പോട്ട് പോയിരിക്കുകയാണ്. പദ്ധതി ഏറ്റെടുക്കുന്നതിനായി KSEBL നാളിതുവരെയും Power Department ലേക്ക് കത്തെഴുതിയിട്ടില്ല. പരിസ്ഥിതി വാദികൾ എന്തേ എതിർക്കാത്തത്. ഗൂഢാലോചന എതിർക്കണം.

അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ്
വർക്കിംഗ് പ്രസിഡന്റ്